ജനറൽ

പങ്കാളിത്തം നൽകണം

വിരമിച്ച അദ്ധ്യാപകർക്ക് സാമൂഹ്യ സാംസ്കാരിക പരിപാടികളിൽ സജീവ പങ്കാളിത്തം നൽകാൻ എല്ലാവരും തയ്യാറാകണം.
– കെ. മുരളീധരൻ എം.എൽ.എ

കൊല്ലത്ത് കാഷ്യുബോർഡ് സ്ഥാപിക്കണം

കശുഅണ്ടി വ്യവസായത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനുമായി കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കണം.
–കൊടിക്കുന്നിൽ സുരേഷ് ലോക്സഭയിൽ

പരീക്ഷ എഴുതാൻ അവസരം നൽകണം

2010ൽ നടത്തിയ സബ് ഇൻസ്പെക്ടർ പരീക്ഷയിൽ ക്രമക്കേട് നടന്നെന്ന് പി.എസ്.സി തന്നെ കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷയെഴുതിയ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും മെയിൻ പരീക്ഷ എഴുതാൻ അവസരം നൽകണം.
– വി.വി. രാജേഷ്, യുവമോർച്ച സംസ്ഥാന പ്രസിഡന്റ്.

കേസ് നടത്താൻ കുഞ്ഞാലിക്കുട്ടിയുടെ സുഹൃത്തുക്കളും പണം തന്നു: വി.എസ്

കണ്ണൂർ: ഐസ്ക്രീം കേസ് ഉൾപ്പെടെയുള്ള കേസുകൾ നടത്താൻ കുഞ്ഞാലിക്കുട്ടിയുടെ സുഹൃത്തുക്കളും തനിക്ക് പണം തന്നിട്ടുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പറഞ്ഞു.

പണം തന്നവരുടെ പേരുകൾ പിന്നീട് വെളിപ്പെടുത്തുമെന്നും ചിലരുടെ പേര് കേൾക്കുമ്പോൾ കുഞ്ഞാലിക്കുട്ടി ഞെട്ടുമെന്നും വി. എസ് പറഞ്ഞു. കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

"അഴിമതിക്കെതിരെ കേസ് നടത്താൻ സാധാരണക്കാരായ ജനങ്ങളുള്ള കാലത്തോളം എനിക്ക് പേടിക്കാനില്ല. അവരാണ് എന്നെ സഹായിക്കുന്നത്."– വി.എസ് പറഞ്ഞു.

കുഞ്ഞാലിക്കുട്ടിക്കെതിരായ എല്ലാ കേസുകളും തേച്ച് മായ്ച്ച് രക്ഷപ്പെടാൻ കഴിയില്ലെന്നും ഇത്തവണ താൻ നൽകിയ കേസ് അതീവ ഗൗരവമുള്ളതാണെന്നും വി.എസ് പറഞ്ഞു. തന്നെ വ്യവഹാരിയെന്ന് വിളിക്കുന്ന എം.എം. ഹസ്സൻ കോൺഗ്രസ്സിൽ ഒരു ഗത്യന്തരവുമില്ലാതെ അലയുകയാണ്.

വിജിലൻസ് ഡയറക്ടറെയും എസ്.പിയെയും സ്വാധീനിച്ച് പാമോയിൽ കേസിൽ നിന്നു രക്ഷപ്പെടാൻ ഉമ്മൻചാണ്ടിക്ക് കഴിയില്ലെന്നും വി.എസ് പറഞ്ഞു.

ഗുരുദേവ ജീവചരിത്രം 24 ഭാഷകളിൽ പരിഭാഷപ്പെടുത്തും

ന്യൂഡൽഹി: ഗുരുദേവ ജീവചരിത്രം ഇന്ത്യയിലെ 24 ഭാഷകളിൽ പരിഭാഷപ്പെടുത്താനുള്ള ദൗത്യം ആരംഭിച്ചതായി കേന്ദ്ര സാഹിത്യ അക്കാഡമി പി.ടി. തോമസ് എം.പിയെ രേഖാമൂലം അറിയിച്ചു.

2009 നവംബർ 26 ന് പി.ടി. തോമസ് പാർലമെന്റിൽ ആവശ്യപ്പെട്ടതനുസരിച്ച് പ്രധാനമന്ത്രി മൻമോഹൻ സിംഗാണ് കേന്ദ്ര സാഹിത്യ അക്കാഡമിയെ ഇക്കാര്യം ചുമതലപ്പെടുത്തിയത്.

ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രവും അദ്ദേഹത്തിന്റെ ഇതുവരെ കണ്ടെത്തിയിട്ടുള്ള മുഴുവൻ കൃതികളും ഇന്ത്യയിലെ ഇതര ഭാഷകളിലേക്കു പരിഭാഷപ്പെടുത്തി ഗുരുദേവനെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ അവസരം ഒരുക്കണമെന്നായിരുന്നു പി.ടി. തോമസ് ആവശ്യപ്പെട്ടത്.

ഇംഗ്ലീഷ്, കന്നട, തമിഴ്, തെലുങ്ക് ,ബംഗാളി, ബോഡൊ, ഗുജറാത്തി, ഹിന്ദി, കാശ്മീരി, മറാഠി, ഒഡിയ, സിന്ധി എന്നീ ഭാഷകളിലേക്ക് പരിഭാഷപ്പെടുന്നതിനുള്ള സാഹിത്യകാരൻമാരെ കേന്ദ്ര സാഹിത്യ അക്കാഡമി ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇംഗ്ലീഷിലും, ഹിന്ദിയിലുമുള്ള കൃതികൾ പുറത്തു വന്നാലേ മറ്റു ഭാഷകളിലേക്കുള്ള പരിഭാഷ പൂർത്തിയാക്കാൻ കഴിയൂ.

കുമ്പള റെയിൽവേ സ്റ്റേഷൻമാസ്റ്ററെ തലയ്ക്കടിച്ചുവീഴ്ത്തി

കുമ്പള: പ്ളാറ്റ്ഫോമിൽ നിന്ന് മാറിനിൽക്കാൻ ആവശ്യപ്പെട്ട സ്റ്റേഷൻ മാസ്റ്ററെ നാലംഗ സംഘം ജനറേറ്ററിന്റെ ലിവർ ഉപയോഗിച്ച് തലയ്ക്കടിച്ചു പരിക്കേൽപിച്ചു. ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇദ്ദേഹത്തെ മംഗലാപുരത്തെ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ചു.

തൃശൂർ ചാലക്കുടി സ്വദേശിയായ പി.ഐ ജോസഫിനെ (38)യാണ് ഇന്നലെ വൈകിട്ട് മൂന്നുമണിയോടെ നാലംഗസംഘം ആക്രമിച്ച് പരിക്കേൽപ്പിച്ചത്.

ഓട്ടോറിക്ഷയിൽ എത്തിയ സംഘം പ്ളാറ്റ്ഫോമിൽ ബഹളം വച്ചതിനെ തുടർന്ന് പുറത്തേക്ക് പോകാൻ സ്റ്റേഷൻമാസ്റ്റർ ആവശ്യപ്പെട്ടപ്പോഴാണ് അക്രമം നടന്നത്. മംഗലാപുരം–തിരുവനന്തപുരം എക്സ്പ്രസ് വരുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാതിരിക്കാനാണ് സ്റ്റേഷൻമാസ്റ്റർ ഇവരോട് പുറത്തേക്ക് പോകാൻ ആവശ്യപ്പെട്ടത്. ലിവർ കൊണ്ടുള്ള അടിയിൽ തലയുടെ പിറകുവശത്താണ് പരിക്കേറ്റത്. അക്രമികൾ ഓട്ടോറിക്ഷയിൽ കയറി ഉടൻ സ്ഥലം വിടുകയും ചെയ്തു. കുമ്പള പൊലീസ് അക്രമികൾക്കായി അന്വേഷണം തുടങ്ങിയിട്ടുണ്ട്.

മൂന്ന് ഇളനീർ, ബാലകൃഷ്ണന്റെ തിരുവോണം കുശാൽ

നാഷിഫ് അലിമിയാൻ

കൗമുദി സ്പെഷ്യൽ

കണ്ണൂർ: പത്തുകൂട്ടം കറികളും പാലടയുമായി എല്ലാവരും ഇന്ന് ഓണമുണ്ണുമ്പോൾ ബാലകൃഷ്ണന്റെ ഓണസദ്യ മൂന്ന് ഇളനീരിലൊതുങ്ങും.

കണ്ണൂർ കളക്ടറേറ്റിൽ ടൈപ്പിസ്റ്റായ ഈ കാസർകോട്ടുകാരൻ പതിനാറ് വർഷമായി കഴിക്കുന്നത് ഇളനീർ മാത്രം. ഒന്നര പതിറ്റാണ്ടുമുമ്പ് ഒരു അപൂർവ രോഗം വന്നതിനെത്തുടർന്നുണ്ടായ ചികിത്സയ്ക്കുശേഷമാണ് ബാലകൃഷ്ണന്റെ മെനുവിൽ ഇളനീർ കടന്നുകൂടിയത്. ഊണ് കിട്ടിയില്ലെങ്കിൽ കുഴഞ്ഞുപോകുന്നവർക്കുമുമ്പിൽ ദിവസം മൂന്ന് ഇളനീർ മാത്രം കഴിച്ച് ജീവിക്കുന്ന ബാലകൃഷ്ണൻ കൊയ്ത നേട്ടങ്ങളുടെ പട്ടിക നിരത്തിയാൽ കഴിച്ച ഓണസദ്യ ദഹിച്ചുപോകും.

2009ൽ നടന്ന ജില്ലാ സിവിൽ സർവീസ് മേളയിൽ 10,000 , 5000, 1500 മീറ്റർ ഓട്ടത്തിൽ ബാലകൃഷ്ണനെ കവച്ചുവയ്ക്കാൻ മറ്റാരുമുണ്ടായിരുന്നില്ല. കഴിഞ്ഞ വർഷം മലേഷ്യയിൽ നടന്ന വെറ്ററൻസ് ഏഷ്യാഡിലെ വിജയത്തിനും ഇളനീർ കരുത്തുതന്നെയാണ് ബാലകൃഷ്ണന് തുണയായത്.

ഇളനീർ മാത്രം ഭക്ഷണമാക്കിയശേഷം കാര്യമായ അസുഖങ്ങളൊന്നും 52കാരനായ ബാലകൃഷ്ണന് വന്നിട്ടില്ല. കാലത്ത് 5 കിലോമീറ്റർ ഓട്ടം, പ്രഭാത വെയിൽകായൽ എന്നിവയാണ് ബാലകൃഷ്ണന്റെ ദിനചര്യ. ഇളനീരിലടങ്ങിയിരിക്കുന്ന കാർബോ ഹൈഡ്രേറ്റും ഗ്ളൂക്കോസും ധാതുക്കളുമാണ് കായികക്കുതിപ്പിനുള്ള ശക്തി പകരുന്നതെന്ന് ബാലകൃഷ്ണൻ പറയുന്നു. ഈ മാസം 28ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സിവിൽ സർവീസ് കായികമേളയിൽ സുഭിക്ഷ ഭക്ഷണക്കാരായ എതിരാളികളെ വെല്ലുവിളിച്ച് മൂന്നിനങ്ങളിൽ ബാലകൃഷ്ണനുമുണ്ടാവും.



ഇളനീർ കുടിക്കുന്ന ബാലകൃഷ്ണൻ

തിയേറ്ററുകൾ സമരം തുടങ്ങി

കൊച്ചി: വൈഡ് റിലീസ് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് സിനി എക്സിബിറ്റേഴ്സ് അസോസിയേഷന്റെ കീഴിലുള്ള തിയേറ്ററുകൾ അടച്ചിട്ടു. റിലീസ് കേന്ദ്രങ്ങളായ 65 തിയേറ്ററുകൾ അടക്കം 175 തിയേറ്ററുകളാണ് സംസ്ഥാനത്ത് ഇന്നലെ അടച്ചിട്ട് സമരം ആരംഭിച്ചത്. 110 തീയേറ്ററുകളിൽ ഇന്ന് മുതൽ അനിശ്ചിത കാലത്തേക്ക് അടച്ചിടുമെന്ന് അസോസിയേഷൻ വ്യക്തമാക്കി. അസോസിയേഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് പ്രതിഷേധയോഗവും ധർണയും നടത്തി. അതേസമയം, അസോസിയേഷന്റെ കീഴിലുള്ള 65 തീയേറ്ററുകളിൽ ഇന്ന് ചിത്രങ്ങൾ റിലീസ് ചെയ്യും. ബി ക്ലാസ് തീയേറ്ററുകളിൽ വൈഡ് റിലീസ് അനുവദിക്കാൻ മുഖ്യധാരാ തീയറ്റർ ഉടമകളുടെ സംഘടനയായ എക്സിബിറ്റേഴ്സ് ഫെഡറേഷൻ തയാറാകാത്തതാണ് പ്രശ്നം.

കേന്ദ്രീകൃത മൂല്യനിർണയം ഒഴിവാക്കും

എസ്.എസ്.എൽ.സി പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സ്കൂൾ തലത്തിലാക്കിയേക്കും

എം.ബി. സന്തോഷ്

തിരുവനന്തപുരം: കേന്ദ്രീകൃത മൂല്യനിർണയം ഒഴിവാക്കി എസ്.എസ്.എൽ.സി പരീക്ഷ സമഗ്രമായി പരിഷ്കരിക്കാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നു.

അതത് സ്കൂളുകൾതന്നെ പരീക്ഷ നടത്തിയും ഫലപ്രഖ്യാപനവും നടത്തുന്ന രീതി നടപ്പിലാക്കിയേക്കും. ഇതുസംബന്ധിച്ച കരിക്കുലം കമ്മിറ്റി ഈ മാസം യോഗം ചേർന്ന് പരിഷ്കാരം ഏതുവിധത്തിലാവണമെന്നും ഈ അദ്ധ്യയനവർഷം മുതൽ നടപ്പാക്കണോ എന്നും തീരുമാനിച്ച് സർക്കാരിനോട് ശുപാർശ ചെയ്യും. പത്താം ക്ളാസ് പരീക്ഷയുടെ പ്രാധാന്യം കുറയുകയും പന്ത്രണ്ടാം ക്ളാസ് പരീക്ഷയ്ക്ക് പ്രാധാന്യം വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് വരാൻ പോവുന്നത്. സി.ബി. എസ്. ഇയുടെ പത്താം ക്ളാസ് പരീക്ഷാരീതിയിൽ മാറ്റം വരുത്തിയ സാഹചര്യത്തിലാണ് എസ്. എസ്. എൽ.സി പരീക്ഷാരീതിയിലെ മാറ്റം സർക്കാർ ആലോചിക്കുന്നത്.

സി.ബി. എസ്. ഇയിൽ പത്താം ക്ളാസ് പരീക്ഷ അതത് സ്കൂളുകൾ നടത്തുന്ന രീതി നിലവിൽ വന്നുകഴിഞ്ഞു. കേരള സർക്കാർ നേരത്തെ നടപ്പാക്കിയ തുടർ മൂല്യനിർണയം പിന്തുടരാൻ അവർ തീരുമാനിച്ചിട്ടുണ്ട്. അതായത്, 100 മാർക്കിൽ 20 മാർക്ക് ക്ളാസിലെ അദ്ധ്യാപകരാവും വിദ്യാർത്ഥിക്ക് നൽകുക. പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയിൽ വിദ്യാർത്ഥിയുടെ പ്രകടനം കണക്കിലെടുത്താണ് ഈ മാർക്ക് നിശ്ചയിക്കുന്നത്. ഓരോ വിഷയത്തിനും ഈ 20 മാർക്കിൽ മിക്കവർക്കും 19 അല്ലെങ്കിൽ ഇരുപതുതന്നെ കിട്ടുന്ന അവസ്ഥ വന്നതോടെ എസ്. എസ്. എൽ.സി പരീക്ഷയ്ക്ക് റിക്കോർഡ് വിജയശതമാനമായി.ം ഉണ്ടാവുകയായിരുന്നു.

സി.ബി. എസ്. ഇയും അതേ രീതിയിലേക്ക് വരുമ്പോൾ ഈ സിലബസ് പഠിക്കുന്നവരുടെ മാർക്ക് വൻതോതിൽ കൂടും.കേന്ദ്രീകൃത മൂല്യനിർണയം ഉൾപ്പെടെയുള്ള കാരണങ്ങളാൽ എസ്. എസ്. എൽ.സി വിദ്യാർത്ഥികൾ മാർക്കിൽ പിന്തള്ളപ്പെടും. ഇത് പ്ളസ് വൺ പ്രവേശനത്തിൽ കേരള സിലബസ് പഠിച്ച കുട്ടികൾക്ക് തിരിച്ചടിയാവും. ഈ സാഹചര്യം മുന്നിൽ കണ്ടാണ് എസ്. എസ്. എൽ.സിക്കും പരീക്ഷ അതത് സ്കൂളുകളിൽ നടത്തി പരീക്ഷാപേപ്പർ അവിടെത്തന്നെ നോക്കാനുള്ള ഏർപ്പാടിനെക്കുറിച്ച് ആലോചിക്കുന്നത്. എട്ട്, ഒമ്പത് ക്ളാസുകളിൽ ഇപ്പോൾ വർഷാന്ത്യപരീക്ഷ നടത്തുന്ന മാതൃകയാണ് പ്രധാനമായും ഇതിന് പരിഗണിക്കുന്നത്.

ഇപ്പോൾ എസ്. എസ്. എൽ.സിക്ക് ഐ.ടി ഉൾപ്പെടെ പതിമൂന്ന് വിഷയങ്ങളുണ്ട്. എന്നാൽ,സി.ബി.എസ്.ഇ പരീക്ഷയുടെ വിഷയങ്ങളിലും കുറവുണ്ട്. എസ്. എസ്. എൽ.സി പരീക്ഷാ വിഷയങ്ങളുടെ എണ്ണം കുറയ്ക്കുന്ന കാര്യവും കരിക്കുലം കമ്മിറ്റിയുടെ പരിഗണനയിൽ വരും.

സി.ബി.എസ്.ഇയിൽ രണ്ട് തരം പരീക്ഷ

സി.ബി. എസ്. ഇയുടെ പത്താം ക്ളാസ് പരീക്ഷ ഇപ്പോൾ രണ്ടുവിധത്തിലാണ് നടക്കുന്നത്.

ഒന്ന് നേരത്തേ ഉള്ളതുപോലെ സി.ബി. എസ്. ഇ ബോർഡ് നടത്തുന്ന പൊതു പരീക്ഷ. മറ്റൊന്ന് അതത് സ്കൂളുകൾ നടത്തുന്ന പരീക്ഷ. ഇതിൽ ഏത് വേണമെന്ന് സ്കൂളുകൾക്ക് തീരുമാനിക്കാം.

അതേ സ്കൂളിൽ പ്ളസ് വണ്ണിന് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ പരീക്ഷയും സ്കൂൾ മാറാൻ ആഗ്രഹിക്കുന്നവർക്ക് ബോർഡ് പരീക്ഷയുമാണ് കേരളത്തിലെ സ്കൂളുകൾ തിരഞ്ഞെടുത്തത്. അതേസമയം, ഐ.സി. എസ്. ഇ സിലബസ് പിന്തുടരുന്ന സ്കൂളുകളിൽ നിലവിലുള്ള കേന്ദ്രീകൃത മൂല്യനിർണയത്തിൽ മാറ്റം വരുത്തുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം പരിശോധിക്കാൻ തമിഴ്നാടിന് മടി

സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയവുമായി ബന്ധപ്പെട്ട സുപ്രധാന പരിശോധനയ്ക്ക് തമിഴ്നാട് മടിക്കുന്നതിൽ കേരളത്തിന് ആശങ്ക. സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി കേരളത്തെ വിമർശിക്കുകയും അതേസമയം തമിഴ്നാടിന്റെ മെല്ലെപ്പോക്കിനെതിരെ ഒന്നും മിണ്ടാതിരിക്കുകയും ചെയ്തത് കേരളത്തിന്റെ ആശങ്ക വർദ്ധിപ്പിച്ചിട്ടുണ്ട്.

അണക്കെട്ടിന്റെ യഥാർത്ഥ ശേഷി ശാസ്ത്രീയമായി കണ്ടെത്താനുള്ള സൂക്ഷ്മപരിശോധനയ്ക്കാണ് തമിഴ്നാട് മടിക്കുന്നത്. 15 സെ.മീ. വ്യാസത്തിൽ ഡാമിൽ ദ്വാരങ്ങളുണ്ടാക്കി സാമ്പിളുകൾ ശേഖരിച്ചാണ് പരിശോധന. പ്രധാന ഡാമിൽ ഏഴിടത്തും ബേബി ഡാമിലും എർത്ത് ഡാമിലും ഓരോ സ്ഥലത്തും തുരന്നാണ് സാമ്പിളെടുക്കേണ്ടത്. ഇവിടെ നിന്നെടുക്കുന്ന സാമ്പിളുകൾ സെൻട്രൽ സോയിൽ മറൈൻ റിസർച്ച് സ്റ്റേഷന്റെയും സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെയും ലബോറട്ടറികളിൽ പരിശോധിക്കും. സുർക്കിയും ചുണ്ണാമ്പും എത്രമാത്രം ഡാമിൽ നിന്ന് ഒലിച്ചു പോയിട്ടുണ്ടെന്ന് കണക്കാക്കി ഡാമിനു താങ്ങാവുന്ന ഭാരം കണക്കാക്കുകയാണ് രീതി.

ആദ്യം മടിച്ചുനിന്ന തമിഴ്നാട് കേരളത്തിന്റെ നിരന്തരസമ്മർദ്ദത്തെ തുടർന്നാണ് ബലക്ഷയം പരിശോധിക്കാമെന്ന് സമ്മതിച്ചത്. എന്നാൽ പരിശോധന ആരംഭിക്കാതെ വീണ്ടും ഉഴപ്പുന്നതായാണ് പരാതി. ഒരു ദ്വാരമെടുക്കാൻ മൂന്നു മുതൽ നാല് ആഴ്ചകൾ വരെ എടുക്കും. പരിശോധനയ്ക്കാവശ്യമായ മൊത്തം സാമ്പിളുകളും ശേഖരിക്കാൻ ഏഴു മാസമെങ്കിലും എടുക്കുമെന്നിരിക്കെ, ഇത് പരമാവധി വൈകിപ്പിച്ച് പരിശോധന പ്രഹസനമാക്കാനാണ് തമിഴ്നാട് നീക്കമെന്ന് കേരളം ഭയക്കുന്നു.

ഒമ്പത് ദ്വാരങ്ങൾക്കു പകരം ഒന്നോ രണ്ടോ ദ്വാരങ്ങൾ മാത്രം ഉണ്ടാക്കി പരിശോധന നടത്തിയാൽ കൃത്യമായ ശേഷി കിട്ടില്ല. മുല്ലപ്പെരിയാർ അണക്കെട്ടിന് ബലക്ഷയമില്ലെന്ന തമിഴ്നാടിന്റെ വാദം സാധൂകരിക്കാനുള്ള തന്ത്രമാണെന്ന സംശയവും കേരളം ഉയർത്തുന്നു.

ഡാമിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് എത്രയെന്ന് കണ്ടെത്താനുള്ള പരിശോധനയും തമിഴ്നാട് ഇതുവരെ ആരംഭിച്ചിട്ടില്ല. 80 കളിൽ ഡാം ബലപ്പെടുത്താൻ സ്ഥാപിച്ച ഇരുമ്പ് കേബിളുകളുടെ സ്ഥിതി വിലയിരുത്തുമെന്ന് തമിഴ്നാട് അറിയിച്ചതാണെങ്കിലും അതും തുടങ്ങിയിട്ടില്ല. ഉന്നതാധികാര സമിതി ഡിസംബറിൽ സുപ്രീംകോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമെന്ന് അറിയിച്ചിരിക്കെ തമിഴ്നാട് ഈ കാര്യങ്ങളിൽ ബോധപൂർവമായ അലംഭാവമാണ് കാണിക്കുന്നത്.

തമിഴ്നാടിന്റെ ഈ വീഴ്ച പ്രകടമായിട്ടും പുതിയ ഡാമിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ വിശദാംശങ്ങളില്ലെന്നു പറഞ്ഞ് ഉന്നതാധികാരസമിതി കേരളത്തെ മാത്രം വിമർശിച്ചതാണ് കേരളത്തിലെ വിദഗ്ധരെ അദ്ഭുതപ്പെടുത്തുന്നത്.

മത്സ്യമേഖലയ്ക്കായി പ്രത്യേക പാക്കേജ് വേണം

തിരുവനന്തപുരം : തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് കുട്ടനാട് മാതൃകയിൽ പ്രത്യേക മത്സ്യമേഖല പാക്കേജ് നടപ്പിലാക്കണമെന്ന് തീരദേശ നേതൃവേദി യോഗം കേന്ദ്ര–സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. ഔട്ട്ബോർഡ് എൻജിൻ, വള്ളം, വല, കട്ടമരം തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക, മത്സ്യബന്ധനാവശ്യത്തിന് കുറഞ്ഞ നിരക്കിൽ കൂടുതൽ മണ്ണെണ്ണ നൽകുക, മത്സ്യമേഖല കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പിൻ കീഴിൽ മണ്ണെണ്ണ ഡിപ്പോകൾ ആരംഭിക്കുക തുടങ്ങിയവ മത്സ്യമേഖല പാക്കേജിൽ ഉൾപ്പെടുത്തണമെന്ന് വേദി ആവശ്യപ്പെട്ടു.

പ്രസിഡന്റ് വേളി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. പനത്തുറ പുരുഷോത്തമൻ, ടി. ബഷീർ, ബി.പി. സ്റ്റാലിൻ, ബർബി ഫെർണാണ്ടസ്, പുല്ലുവിള ലോർദോൺ തുടങ്ങിയവർ പ്രസംഗിച്ചു.

ഈസ്റ്റേൺ ഗ്രൂപ്പ് ചെയർമാൻ എം. ഇ. മീരാൻ അന്തരിച്ചു

അടിമാലി: ഈസ്റ്റേൺ ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാൻ എം.ഇ. മീരാൻ (71) അന്തരിച്ചു. ഇന്നലെ രാവിലെ 4.15 ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ഒരാഴ്ചയായി എറണാകുളത്ത് ചികിത്സയിലായിരുന്നു. ഇന്നലെ പുലർച്ചെ ആരോഗ്യനില വഷളാകുകയും മരണം സംഭവിക്കുകയുമായിരുന്നു.



എം.ഇ. മീരാൻ

ഇന്ത്യൻ കറി പൗഡർ വ്യവസായത്തിലെ അതികായനായ മീരാന് മികച്ച വ്യവസായ സംരംഭകർക്കുള്ള നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അരനൂറ്റാണ്ടിലധികമായി അടിമാലിയിലെ വ്യാപാര വ്യവസായ മേഖലകളിൽ തിളങ്ങി നിന്ന വ്യക്തിത്വമായിരുന്നു. 1961–ൽ നെല്ലിമറ്റം മണല്യാംപാറയിൽ ഇബ്രാഹിം– ഫാത്തിമ ദമ്പതികളുടെ മകനായി ജനിച്ച മീരാന്റെ ബാല്യം നെല്ലിമറ്റത്ത് ആയിരുന്നെങ്കിലും അരനൂറ്റാണ്ടിലധികമായി അടിമാലി കേന്ദ്രമാക്കിയുള്ള വ്യവസായ വ്യാപാര മേഖലകളിലായിരുന്നു പ്രവർത്തനം. ഈസ്റ്റേൺ ട്രേഡേഴ്സ്, ഈസ്റ്റേൺ കറിപൗഡർ, കിംഗ് റിച്ചാർഡ് ഷർട്ട്, ഈസ്റ്റേൺ ട്രെഡ്സ്, സുനിദ്ര മാട്രസ്, ഈസ്റ്റേൺ അക്വാഡിസ്റ്റിൽഡ് വാട്ടർ തുടങ്ങി നിരവധി ഉത്പന്നങ്ങളെ മികവോടെ വളർത്തിയെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഈസ്റ്റേൺ ന്യൂട്ടൻ പബ്ലിക് സ്കൂൾ വിദ്യാഭ്യാസ സേവനമേഖലയിലെ മികച്ച സംഭാവനയാണ്.

വളരെക്കാലം അടിമാലി മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റായിരുന്നു. അടിമാലി അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ്, അടിമാലി ജുമാ മസ്ജിദ് പ്രസിഡന്റ്, അടിമാലി റോട്ടറി പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. ബിസിനസ്മാൻ ഒഫ് ദ ഇയർ അവാർഡ് രണ്ട് പ്രാവശ്യം ലഭിച്ചിട്ടുണ്ട്. കേരളാ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ അവാർഡും ലഭിച്ചിട്ടുണ്ട്. സ്പൈസസ് ബോർഡിന്റെ സ്പൈസസ് എക്സ്പോർട്ടിംഗ് അവാർഡ് കഴിഞ്ഞ 12 വർഷവും ഇദ്ദേഹത്തിനായിരുന്നു.

പൈമറ്റം കുഴിപ്പിനായിൽ കുടുംബാംഗമായ നബീസ (കൂമ്പൻപാറ ഫാത്തിമ മാതാ ഹൈസ്കൂൾ അധ്യാപിക) യാണ് ഭാര്യ. മക്കൾ: നവാസ് (ഈസ്റ്റേൺ ഗ്രൂപ്പ് വൈസ് ചെയർമാൻ), ഫിറോസ് (ഈസ്റ്റേൺ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ) നിസ സക്കീർ, സോയസജിത് (ഈസ്റ്റേൺ ഗ്രൂപ്പ് ഡയറക്ടേഴ്സ്) മരുമക്കൾ: സക്കീർ (ഡയറക്ടർ, സ്വദേശി മാർബിൾസ് കോഴിക്കോട്), സജിത് അൻവർ (കിംഗ് റിച്ചാർഡ് ഷർട്ട്സ് കമ്പനി എം.ഡി).

ഇന്നലെ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ അടിമാലി ഈസ്റ്റേൺ പബ്ലിക് സ്കൂളിൽ മൃതദേഹം പൊതുദർശനത്തിന് വച്ചു. വൈകിട്ട് 4 ന് അടിമാലി ജുമാ മസ്ജിദിൽ കബറടക്കി. സമൂഹത്തിലെ നാനാതുറയിൽപ്പെട്ടവർ സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

മദ്യപിച്ചത് ചോദ്യം ചെയ്തതിന് മൂന്നു വീടുകളും കാറുകളും തകർത്തു

■ വീട്ടമ്മയ്ക്കും മക്കൾക്കും മർദ്ദനം ■ ആറ് അക്രമികൾ അറസ്റ്റിൽ



അറസ്റ്റിലായ പ്രതികൾ

അക്രമികൾ തകർത്ത നൗഷാദിന്റെ വീട് പൊലീസ് പരിശോധിക്കുന്നു

നെയ്യാറ്റിൻകര : മുൻ വൈരാഗ്യം വച്ച് വീട്ടിനുമുന്നിലെ കടവരാന്തയിലിരുന്ന് മദ്യപിച്ചത് വീട്ടുടമയും സുഹൃത്തും ചോദ്യം ചെയ്തതിനെത്തുടർന്ന് അക്രമികൾ നെയ്യാറ്റിൻകരയിലെ മൂന്നു കല്ലിൻമൂട്ടിൽ മൂന്നു വീടുകൾ അടിച്ചു തകർക്കുകയും രണ്ടു കാറുകളും ഗൃഹോപകരണങ്ങളും നശിപ്പിക്കുകയും ചെയ്തു. വീട്ടമ്മയെയും മക്കളെയും മർദ്ദിച്ചു. ഇവർ ചികിത്സയിലാണ്.

സംഭവവുമായി ബന്ധപ്പെട്ട് ആറുപേരെ നെയ്യാറ്റിൻകര പൊലീസ് അറസ്റ്റ് ചെയ്തു.

മൂന്നുകല്ലിൻമൂടിനു സമീപം നിസാം മൻസിലിൽ നൗഷാദിന്റെയും ബന്ധുക്കളായ മറ്റു രണ്ടുപേരുടെയും വീടുകളാണ് അക്രമിസംഘം ബുധനാഴ്ച അർദ്ധരാത്രി അടിച്ചു തകർത്തത്. നൗഷാദിന്റെ വീടിന്റെ ഗേറ്റ് ഇളക്കിയെറിഞ്ഞശേഷമാണ് അക്രമിസംഘം അകത്തുകടന്നത്. നിരവധി കേസുകളിലെ പ്രതി ജംബുലിംഗം സുരേഷിന്റെ നേതൃത്വത്തിൽ പത്തോളം പേർ സംഘത്തിലുണ്ടായിരുന്നു. ഇതിൽ മണലൂർ അയിരാകോട് മേലെ പുത്തൻവീട്ടിൽ രാധാകൃഷ്ണൻ (32), ആറാലുംമൂട് അതിയന്നൂർ ലക്ഷ്മി ഭവനിൽ പത്മേകുമാർ (27), മൂന്നുകല്ലിൻമൂട് ആലുനിന്ന പുത്തൻവീട്ടിൽ സജിത്ത് (20), മണലൂർ അയിരാകോട് മേലേപുത്തൻവീട്ടിൽ സനൽ (25), ഊരൂട്ടുകാല ചാമ്പൽവിള പുത്തൻവീട്ടിൽ പ്രമോദ് (29), ഊരൂട്ടുകാല അപ്പട്ടുവിള പുത്തൻവീട്ടിൽ ജയകുമാർ (33) എന്നിവരാണ് അറസ്റ്റിലായത്. ജംബുലിംഗം സുരേഷ് ഒളിവിലാണ്.

അക്രമികളുടെ മർദ്ദനമേറ്റ നൗഷാദിന്റെ ഭാര്യ നിസ, രണ്ടു മക്കൾ, ബന്ധുവായ ബീമാബീവി എന്നിവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സംഭവത്തെക്കുറിച്ച് പൊലീസ് പറയുന്നത് ഇങ്ങനെ :

നൗഷാദിന്റെ സുഹൃത്തായ അനിൽരാജിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളാണ് വീടാക്രമിക്കാൻ വന്നത്. കൊലപാതകശ്രമക്കേസിൽ സാക്ഷിയായിരുന്നു നൗഷാദ്. നൗഷാദിനെ ആക്രമിക്കാൻ തക്കം പാർത്തിരിക്കുകയായിരുന്നു കേസിലെ പ്രതികളിൽ ഒരാളായ നിഷാന്ത്. നിഷാന്ത് അക്രമിസംഘവുമായി നൗഷാദിന്റെ വീടിനുസമീപത്തുള്ള കടവരാന്തയിലിരുന്ന് മദ്യപാനം തുടങ്ങി. ആ സമയം നൗഷാദിന്റെ വീട്ടിലേക്ക് വന്ന ബന്ധുവായ യുവാവ് ഇതിനെ ചോദ്യം ചെയതു. അക്രമികൾ യുവാവിനെ മർദ്ദിച്ചു. തുടർന്ന് യുവാവും നൗഷാദും പൊലീസ് സ്റ്റേഷനിൽ എത്തി പരാതി നൽകിയശേഷം യുവാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിവരമറിഞ്ഞെത്തിയ പൊലീസിന് അക്രമിസംഘത്തിലെ ഒരാളെ മാത്രമേ പിടികൂടാനായുള്ളൂ.

തുടർന്ന് രാത്രിയാണ് ജംബുലിംഗം സുരേഷിന്റെ നേതൃത്വത്തിൽ നൗഷാദിന്റെയും ബന്ധുക്കളുടെയും വീട് ആക്രമിച്ചത്. ആക്രമണം, കൊള്ള, വധശ്രമം എന്നിവയടക്കം പത്തിലധികം വകുപ്പുകൾ ചേർത്താണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

റൂറൽ എസ്.പി എ. അക്ബർ, ഡിവൈ.എസ്.പി ഗോപകുമാരൻ നായർ, എസ്.ഐ. നിധീഷ് കുമാർ എന്നിവർ ഉൾപ്പെട്ട പൊലീസ് സംഘം രഹസ്യതാവളങ്ങളിൽ നിന്നാണ് ആറു പേരെയും പിടികൂടിയത്. മറ്റു പ്രതികൾക്കായി തെരച്ചിൽ ആരംഭിച്ചു.

അമ്മയും രണ്ട് കുഞ്ഞുങ്ങളും കിണറ്റിൽ മരിച്ച നിലയിൽ



സുമതിയും അർജുനും

ചങ്ങനാശ്ശേരി: മാതാവിനെയും രണ്ട് മക്കളെയും കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. തൃക്കൊടിത്താനം കടമാഞ്ചിറ കൊല്ലംപറമ്പിൽ മനോജ്കുമാറിന്റെ ഭാര്യ സുമതി (35), മക്കളായ അർജുൻ (4), ആദർശ് (ഒന്നര) എന്നിവരെയാണ് മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിന് സമീപമുള്ള വാടകവീട്ടിലെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

പെയിന്റിംഗ് ജോലി കഴിഞ്ഞ് രാത്രി ഏഴ് മണിയോടെ വീട്ടിലെത്തിയ മനോജ് ഭാര്യയെയും മക്കളെയും കാണാത്തതിനെ തുടർന്ന് അന്വേഷണം തുടങ്ങി. പുലർച്ചെ നാട്ടുകാർ നടത്തിയ തിരച്ചിലിലാണ് മൂവരും കിണറ്റിൽ മരിച്ചു കിടക്കുന്നതായി കണ്ടെത്തിയത്. സംഭവത്തെ തുടർന്ന് നാട്ടുകാർ മനോജിനെ തടഞ്ഞുവച്ചു.